ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്രമം

ഹാജർ. അനുപമ.റ്റി.വി. ഐ.എ.എസ്

തീയതി.25.05.2018

നം. എ 412153/18

വിഷയം. ചെങ്ങന്നൂർ 110 നിയമസഭാ ഉപ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മദ്യനിരോധനം പ്രഖ്യാപിച്ച് ഉത്തരവാകുന്നു

വായന. ടാക്സസ് (എ) വകുപ്പിൽ നിന്നുള്ള 24/05/2018 ലെ എ2/134/2018-ടാക്സസ് നം കത്ത്

28/05/2018 ന് നടക്കുന്ന ചെങ്ങന്നൂർ 110 നിയമസഭാ ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മദ്യത്തിൻെറ വിൽപ്പന, വിതരണം, സൂക്ഷിക്കൽ എന്നിവ ടി പ്രദേശത്ത് നിരോധിക്കുവാൻ ചീഫ് ഇലക്ടറൽ ഓഫീസറുടെ ശുപാർശ അനുസരിച്ച് വായന പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് 26/05/2018 വൈകുന്നേരം 6.00 മണിമുതൽ 28/05/2018 ന് പോളിംഗ് അവസാനിക്കുന്നവരെയും, 30/05/2018 ന് വൈകുന്നേരം 6.00 മണിമുതൽ 31/05/2018 ന് വൈകുന്നേരം 6.00 മണിവരെയും 110 ചെങ്ങന്നൂർ നിയമസഭാ നിയോജകമണ്ഡലത്തിലും, മണ്ഡലം ഉൾപ്പെടുന്ന വോട്ടെണ്ണൽ കേന്ദ്രത്തിലും, പരിസരത്തും ഡ്രൈഡേ ആയി പ്രഖ്യാപിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

## <u>ഉത്തരവ്</u>

ചെങ്ങന്നൂർ 110 നിയമസഭാ നിയോജക മണ്ഡലത്തിലേക്കുള്ള ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 26/05/2018 വൈകുന്നേരം 6.00 മണിമുതൽ 28/05/2018 ന് പോളിംഗ് അവസാനിക്കുന്നവരെയും, 30/05/2018 ന് വൈകുന്നേരം 6.00 മണിമുതൽ 31/05/2018 ന് വൈകുന്നേരം 6.00 മണിവരെയും ചെങ്ങന്നൂർ നിയമസഭാ നിയോജകമണ്ഡലത്തിലും, വോട്ടെണ്ണൽ കേന്ദ്രത്തിലും, പരിസര പ്രദേശങ്ങളിലും Representation of Peoples Act 1951 സെക്ഷൻ 135C പ്രകാരം മദ്യത്തിൻെറ വിൽപ്പന, വിതരണം, സൂക്ഷിക്കൽ എന്നിവ നിരോധിച്ച് ഡ്രൈഡേ ആയി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ആവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ജില്ലാ മജിസ്ട്രേറ്റ് & ജില്ലാകളക്ടർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, ടാക്സസ് (എ) വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ഡെപ്യൂട്ടി കമ്മീഷണർ , എക്സൈസ്, ആലപ്പുഴ
3. ജില്ലാ പോലീസ് മേധാവി, ആലപ്പുഴ
4. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,ആലപ്പുഴ- (പത്രക്കുറിപ്പ് നൽകുന്നതിന്)
5. ഡെപ്യൂട്ടി കളക്ടർ(ഇലക്ഷൻ), ആലപ്പുഴ
6. റിട്ടേണിംഗ് ഓഫീസർ, 110 LAC, ചെങ്ങന്നൂർ & RDO ചെങ്ങന്നൂർ
7. സി.എ- ഡി.സി/എ.ഡി.എം
8. കരുതൽ ഫയൽ/എ4

ഉത്തരവിൻ പ്രകാരം

ജില്ലാ കളക്ടറുടെ കാര്യാലയം

ഡെപ്യൂട്ടി കളക്ടർ(ജനറൽ)